## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.4358** **12/11/2019 ൽ മറുപടിക്ക്**

### ദേവസ്വം നിയമനം

**ചോദ്യം**

**ശ്രീ.മുല്ലക്കര രത്നാകരൻ**
**ശ്രീ.ആർ. രാമചന്ദ്രൻ**
**ശ്രീമതി സി.കെ. ആശ**
**ശ്രീ.എൽദോ എബ്രഹാം**

**മറുപടി**

**കടകംപള്ളി സുരേന്ദ്രൻ**
**(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | ദേവസ്വം ബോർഡുകളുടെ കീഴിലുള്ള ക്ഷേത്രങ്ങളിൽ ഉദ്യോഗസ്ഥരെ നിയമിക്കുന്നത് എപ്രകാരമാണെന്ന് വ്യക്തമാക്കുമോ; | (എ) | കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആക്റ്റ് പ്രകാരം, സംസ്ഥാനത്തെ 5 ദേവസ്വം ബോർഡുകളിലും പരമ്പരാഗത തസ്തികകളും എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ തസ്തികകളും ഒഴികെയുള്ള തസ്തികകളിൽ കേരള ദേവസ്വം റിക്രൂട്ടമെന്റ് ബോർഡ് തയ്യാറാക്കുന്ന സെലക്റ്റ് ലിസ്റ്റിൽ നിന്നുമാണ് നിയമനം നടത്തുന്നത്. |
| (ബി) | ദേവസ്വം നിയമനങ്ങൾക്ക് അപേക്ഷ സമർപ്പിക്കുന്നതിനായി പി.എസ്.സി മാതൃകയിൽ ഓൺലൈൻ പോർട്ടൽ സജ്ജമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. ' ദേവജാലിക' എന്ന സോഫ്റ്റ് വെയർ വഴിയാണ് അപേക്ഷ സ്വീകരിച്ച് ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് നിയമനം നടത്തി വരുന്നത്. |
| (സി) | തിരുവിതാംകൂർ, കൊച്ചി ദേവസ്വം ബോർഡുകളുടെ കീഴിലുള്ള ക്ഷേത്രങ്ങളിൽ പട്ടികജാതിക്കാർക്ക് പൂജാരിമാരായി നിയമനം നൽകിയിട്ടുണ്ടോ; | (സി) | ഉണ്ട്. |

| | | | |
|---|---|---|---|
| (ഡി) | മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗത്തിന് ദേവസ്വം നിയമനങ്ങളിൽ പത്ത് ശതമാനം സംവരണം അനുവദിച്ചതോടൊപ്പം മറ്റ് പിന്നാക്ക വിഭാഗങ്ങളുടെയും എസ്.സി/എസ്.ടി വിഭാഗങ്ങളുടെയും സംവരണ ശതമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | ദേവസ്വം നിയമനങ്ങളിൽ സംവരണേതര സമുദായങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 10% മുന്നോക്ക സംവരണം കൂടാതെ ഈഴവ സമുദായത്തിന് 14 ശതമാനത്തിൽ നിന്നും 17 ശതമാനം ആയും പട്ടിക ജാതി വിഭാഗത്തിന് 8 ശതമാനത്തിൽ നിന്നും 10 ശതമാനം ആയും മറ്റു പിന്നോക്ക വിഭാഗങ്ങൾക്ക് (ഒ.ബി.സി) 3 ശതമാനത്തിൽ നിന്നും 6 ശതമാനം ആയും സംവരണം വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ